## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1307 20.03.2012-ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) കേരള സംസ്ഥാനത്ത് നടത്തിവരുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ (ജി.കെ.എസ്.എഫ്) ടൂറിസം മേഖലയിൽ ഇതുവരെ നൽകിയിട്ടുള്ള സംഭാവനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) ജി.കെ.എസ്.എഫി.ലൂടെ ടൂറിസം മേഖലയ്ക്ക് സംഭാവനകൾ നൽ-കുക എന്നതിനോടൊപ്പം ലക്ഷ്യമിടുന്നത് സംസ്ഥാനത്തിന്റെ ടൂറിസം മേഖലയ്ക്ക് ലഭ്യമായിട്ടുള്ള അന്താ-രാഷ്ട്ര പ്രശസ്തി മുതലാക്കി സംസ്ഥാനത്തെ ഒരു ഷോപ്പിംഗ് കേന്ദ്രമാക്കി മാറ്റുക എന്നുള്ളതാണ്. സംസ്ഥാനത്തിന്റെ പ്രധാന ടൂറിസം സീസണുകളായ ഡിസംബർ-ജനുവരി മാസങ്ങളിലാണ് ഈ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. സംസ്ഥാനത്ത് സാധാരണയായി എത്തുന്ന തദ്ദേശ-വിദേശ ടൂറിസ്റ്റു-കൾ പ്രകൃതി ഭംഗി ആസ്വദിക്കാ-നാണ് പ്രധാനമായി സമയം വിനിയോഗിക്കാറുള്ളത്. നിരവധി അന്യരാജ്യക്കാർ ഇത്തരത്തിലുള്ള അവസരം അവരുടെ വ്യാപാര-പാരമ്പര്യ ഉല്പന്നങ്ങളുടെ ഖ്യാതി വർദ്ധിപ്പിക്കുന്നതിനും, വ്യാപാര നേട്ടമുണ്ടാക്കാനുള്ള അവസരമായി കൂടി അവരുടെ ടൂറിസ്റ്റ് സീസൺ |

വിനിയോഗിക്കുന്നു. പ്രകൃതി സൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന് ഗുണകരമായിട്ടുള്ള വിദേശികൾക്ക് വളരെ താൽപര്യമുള്ള പരമ്പരാഗത ഉൽപന്നങ്ങൾ കൂടി വിനോദ സഞ്ചാരികൾക്ക് സ്വന്തമാക്കുവാൻ ഫെസ്റ്റിവൽ ഒരുക്കുന്ന ഉത്സവ പൊലിമ സഹായിക്കുന്നു. നിലവിൽ സംസ്ഥാനത്തിന്റെ ടൂറിസം സീസണിൽ കൂടുതൽ നേട്ടം കൊയ്യുവാനുള്ള അവസരമാണ് ടൂറിസ്റ്റുകൾക്കും, ഉത്പാദകർക്കും ഒരേ പോലെ ഫെസ്റ്റിവലിലൂടെ ഒരുക്കി വരുന്നത്.

(ബി) ജി.കെ.എസ്.എഫ്. നടത്തുന്നതു മൂലം സർക്കാരിന് ലഭിക്കുന്ന അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഷോപ്പിംഗ് ഫെസ്റ്റിവലിൽ ഏർപ്പെടുത്തുന്ന വിലയേറിയ സമ്മാനങ്ങൾ ലഭിക്കണമെങ്കിൽ വ്യാപാര സ്ഥാപനത്തിന്റെ യഥാർത്ഥ ബിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്. അതിനാൽ വ്യാപാരികൾ ആ സമയത്ത് കൃത്യമായി നികുതി ഒടുക്കേണ്ടി വരുന്നുണ്ട്. ഇത് ആരോഗ്യകരമായ വ്യാപാര സംസ്കാരവും നികുതി വരുമാനവും വർദ്ധിപ്പിക്കുന്നുണ്ട്. നികുതി വരുമാനത്തെക്കാളുപരി ജി.കെ.എസ്.എഫിന്റെ പ്രഖ്യാപിത ലക്ഷ്യം കേരളത്തെ അന്താരാഷ്ട്ര വാണിജ്യ കേന്ദ്രമാക്കുക എന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഷോപ്പിംഗ് ഫെസ്റ്റിവൽ കാലയളവിൽ സംസ്ഥാനത്ത് നികുതിവരുമാനം ഗണ്യമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | സംസ്ഥാനത്തെ പ്രധാന ഷോപ്പിംഗ് സീസണായ ഓണക്കാലത്തെപ്പോലെ ഫെസ്റ്റിവൽ സമയത്തും നികുതി വരുമാനം വർദ്ധിക്കുന്നതായി വിലയിരുത്തുന്നു. |
| (ഡി) | ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ ? | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ